ടി.കെ ആലുവ

തയാറാക്കിയത്: റഷാദ് ആലുവ

# അടിയന്തരാവസ്ഥയും തെരഞ്ഞെടുപ്പ് പ്രഖ്യാപനവും

**ഇലക്ഷൻ ഫലപ്രഖ്യാപനം രാജ്യത്തിനെന്ന പോലെ ജമാഅത്തിനും ഒരു പുതിയ യുഗപ്പിറവിയായിരുന്നു. അടിയന്തരാവസ്ഥ ജമാഅത്ത് പ്രവർത്തകർക്ക് തളർച്ചയേക്കാൾ കൂടുതൽ ഉണർച്ചയാണ് സമ്മാനിച്ചത്. അതിന്റെ വ്യക്തമായ തെളിവായിരുന്നു 1982 ലെ മലപ്പുറം ദഅ്വത്ത് നഗർ സമ്മേളനം.**



ദഅ്വത്ത് നഗർ സമ്മേളനം അന്നത്തെ അഖിലേന്ത്യാ അമീർ മൗലാനാ അബുല്ലൈസ് ഇസ്‌ലാഹി ഉദ്ഘാടനം ചെയ്യുന്നു

**അടിയന്തരാവസ്ഥക്കെതിരെ** രാജ്യത്തുടനീളം ആഞ്ഞടിച്ച പ്രക്ഷോഭങ്ങൾക്കുമുമ്പിൽ ഇനിയും പിടിച്ചുനിൽക്കാൻ സാധ്യമല്ലെന്നു മനസ്സിലാക്കിയ ഇന്ദിരാഗാന്ധി ഗവൺമെന്റ് പൊതു തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ നിർബന്ധിതമായി. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുശേഷം, അന്നത്തെ കേരളാ അമീർ ടി.കെ. അബ്ദുല്ലാ സാഹിബിന് കോഴിക്കോട്ടെ ഒരു ലോഡ്ജിൽ എത്തണമെന്ന് സ്വകാര്യ അറിയിപ്പ് ലഭിച്ചു. അതനുസരിച്ച് ടി.കെയും കെ.സി അബ്ദുല്ല മൗലവിയും ഏതാനും പ്രവർത്തകരും നിശ്ചിത സമയത്ത് അവിടെ എത്തിച്ചേർന്നു. ജമാഅത്ത് അഖിലേന്ത്യാ അസി. സെക്രട്ടറി ഹാമിദ് ഹുസൈൻ സാഹിബും സംഘവും ലോഡ്ജിൽ അവരെ കാത്തിരിക്കുന്നുണ്ടായിരുന്നു. അതീവ രഹസ്യമായിരുന്നു അവരുടെ സന്ദർശനം. ജമാഅത്തെ ഇസ്‌ലാമി അടിയന്തരാവസ്ഥക്കെതിരെ പ്രതിപക്ഷകക്ഷികൾക്കനുകൂലമായി തെര

ഞ്ഞെടുപ്പിൽ പങ്കെടുക്കാൻ തീരുമാനമെടുത്ത വിവരം അറിയിക്കുകയായിരുന്നു നേതാക്കളുടെ സന്ദർശനോദ്ദേശ്യം.

അതുവരെ ഒരു തെരഞ്ഞെടുപ്പിലും സമ്മതിദാനാവകാശം വിനിയോഗിച്ചിട്ടില്ലാത്ത ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ അടിയന്തരാവസ്ഥക്കെതിരെയുള്ള ധീരമായ ഈ നിലപാട് എങ്ങനെയോ ചോർന്ന് വൻ വാർത്താപ്രാധാന്യം നേടി. സി.പി.ഐയുടെ മുഖപത്രമായ ജനയുഗത്തിൽ ആ വാർത്ത വലിയ തലക്കെട്ടോടെ വന്നു.

1977 മാർച്ച് മധ്യത്തിലായിരുന്നു പൊതുതെരഞ്ഞെടുപ്പ്. ഇലക്ഷൻ ഫലപ്രഖ്യാപനം അടിയന്തരാവസ്ഥയിലെ കറുത്ത ദിനരാത്രങ്ങളിലെ കിരാത ഭീകരതക്കെതിരെയുള്ള ഇന്ത്യൻ ജനതയുടെ ചരിത്ര പ്രാധാന്യമുള്ള വിധിയെഴുത്തായിരുന്നു. ഉത്തരേന്ത്യയിൽ ഇന്ദിരാകോൺഗ്രസ് തൂത്തെറിയപ്പെട്ടു. കേരളത്തിൽ ഭരണമുന്നണി പിടിച്ചുനിന്നുവെങ്കിലും അവരുടെ ആത്മവീര്യം പറ്റെ ചോർന്നുപോയിരുന്നു. ഇലക്ഷൻ ഫലപ്രഖ്യാപനം രാജ്യത്തിനെന്ന പോലെ ജമാഅത്തിനും ഒരു പുതിയ യുഗപ്പിറവിയായിരുന്നു. അടിയന്തരാവസ്ഥ ജമാഅത്ത് പ്രവർത്തകർക്ക് തളർച്ചയേക്കാൾ കൂടുതൽ ഉണർച്ചയാണ് സമ്മാനിച്ചത്. അതിന്റെ വ്യക്തമായ തെളിവായിരുന്നു 1982 ലെ മലപ്പുറം ദഅ്‌വത്ത് നഗർ സമ്മേളനം.

## ദൽഹി അഖിലേന്ത്യാ സമ്മേളനം (1974)

1974 നവംബർ 8,9,10 തീയതികളിൽ ദൽഹിയിൽ നടന്ന അഖിലേന്ത്യാ സമ്മേളനത്തിൽ പങ്കെടുക്കാൻ ആലുവയിൽനിന്ന് ഞങ്ങൾ 35 പേർ പുറപ്പെട്ടു. പള്ളുരുത്തി ഹാജിയായിരുന്നു യാത്രാ അമീർ. രണ്ടായിരത്തിൽപ്പരം കിലോമീറ്ററുകൾ താണ്ടി വേണം ഡൽഹിയിലെത്താൻ. വളരെയധികം അപകട സാധ്യത ഉണ്ടായിരുന്നിട്ടും അല്ലാഹുവിൽ ഭരമേൽപ്പിച്ച് യാത്ര തുടർന്നു. നവംബർ മൂന്നാം തീയതി രാത്രി ബാംഗ്ലൂർ ടൗൺ ജുമാമസ്ജിദിൽ തങ്ങി. നാലാം തീയതി രാവിലെ ഞങ്ങൾ അവിടെനിന്ന് പുറപ്പെട്ടു. കൈയിൽ കാശൊന്നുമില്ലാതിരുന്നതിനാൽ വിശപ്പ് കടിച്ചിറക്കിയാണ് യാത്ര. ക്ഷീണിതനാണെങ്കിലും ബുദ്ധിമുട്ട് പുറത്തുകാണിക്കാതിരിക്കാൻ പുഞ്ചിരിക്കുന്ന മുഖവുമായാണ് മറ്റുള്ളവരെ സമീപിച്ചിരുന്നത്. അന്ന് രാത്രി ഞങ്ങൾ ഹൈദറാബാദിലെത്തി. അഞ്ചാം തീയതി രാവിലെ ഹൈദറാബാദിലെ ചരിത്രപ്രസിദ്ധ സ്മാരകമായ ഗോൽകൊണ്ടയും ജമാഅത്ത് ആന്ധ്ര ഹൽഖാ ഓഫീസും സന്ദർശിച്ചു. ഉച്ച കഴിഞ്ഞ് അവിടെ നിന്ന് പുറപ്പെട്ടു. ചമ്പൽ നദിയുടെ കുറുകെയുള്ള പാലം കേടുവന്നിരുന്നതിനാൽ ഏഴാം തീയതി വൈകുന്നേരം അഞ്ച് മണിക്കാണ് ചമ്പൽ പാലം കടക്കാൻ കഴിഞ്ഞത്. രാവിലെ നാലുമണിയോടെ ദൽഹിയിലെത്തി. വെളുപ്പിന് കൈകാലുകൾ കൂട്ടിയിടിക്കുന്ന കടുത്ത തണുപ്പിൽ ദൽഹിയുടെ തെരുവോരങ്ങളിലൂടെ മുന്നോട്ടുപോകുമ്പോൾ അങ്ങകലെ ഒരു മേളക്ക് ഒരുങ്ങിയതുപോലെ പ്രകാശമയമായ വലിയ ഒരു മൈതാനം. കുറച്ചുകൂടി മുന്നോട്ടു നീങ്ങിയപ്പോൾ ജമാഅത്തിന്റെ സമ്മേളന ബോർഡുകൾ കണ്ടുതുടങ്ങി. അതോടെ സമ്മേളന നഗരി അതുതന്നെയെന്ന് ഉറപ്പായി. ഞങ്ങൾ കവാടത്തിലൂടെ അകത്തുകടന്നു. ഗാന്ധിദർശൻ കോംപ്ലക്സിലാണ് സമ്മേളന നഗരി സജ്ജീകരിച്ചിരുന്നത്. 6300 ചതുരശ്ര അടിയോളം പരന്നു കിടക്കുന്ന വിശാലമായ പ്രദേശം. നേരം പുലർന്നതോടെ ജനസാഗരമായി സമ്മേളന നഗരി. മുപ്പതിൽപ്പരം വിദേശ പ്രതിനിധികളെ അണിനിരത്തിയ സ്റ്റേജിൽ കൃത്യസമയത്തുതന്നെ പരിപാടി തുടങ്ങി.

സമ്മേളനം ജമാഅത്തെ ഇസ്‌ലാമിയുടെ മാത്രമല്ല, ഇന്ത്യൻ മുസ്‌ലിംകളുടെ തന്നെ ചരിത്രത്തിലെ പുതിയൊരധ്യായമായി മാറി. ഇന്ത്യയിലെ വിവിധ മുസ്‌ലിം സംഘടനകളെ ഒരേ വേദിയിൽ അണിനിരത്താൻ ഈ സമ്മേളനത്തിനു സാധിച്ചു. ജംഇയ്യത്തുൽ ഉലമക്ക് ജമാഅത്തുമായി ഉണ്ടായിരുന്ന ചിരകാല വൈരം വലിയൊരളവോളം ഇല്ലാതായത് സമ്മേളനത്തിന്റെ വലിയൊരു നേട്ടമായിരുന്നു. വിവിധ രാജ്യങ്ങളിൽനിന്നുള്ള 38 മുസ്‌ലിം പണ്ഡിതന്മാരും നേതാക്കളും സമ്മേളനത്തിൽ പങ്കെടുത്തു. മൗലാനാ മൗദൂദി, മർയം ജമീല, തുങ്കു അബ്ദുർറഹ്മാൻ, യാസിർ അറഫാത്ത്, യൂസു



ജമാഅത്തെ ഇസ്‌ലാമി മുൻ അഖിലേന്ത്യാ അമീർ മുഹമ്മദ് യൂസുഫ് സാഹിബിനോടൊപ്പം

**1974-ൽ നടന്ന സമ്മേളനം ജമാഅത്തെ ഇസ്‌ലാമിയുടെ മാത്രമല്ല, ഇന്ത്യൻ മുസ്‌ലിംകളുടെ തന്നെ ചരിത്രത്തിലെ പുതിയൊരധ്യായമായി മാറി. ഇന്ത്യയിലെ വിവിധ മുസ്‌ലിം സംഘടനകളെ ഒരേ വേദിയിൽ അണിനിരത്താൻ ഈ സമ്മേളനത്തിനു സാധിച്ചു. ജംഇയ്യത്തുൽ ഉലമക്ക് ജമാഅത്തുമായി ഉണ്ടായിരുന്ന ചിരകാല വൈരം വലിയൊരളവോളം ഇല്ലാതായത് സമ്മേളനത്തിന്റെ വലിയൊരു നേട്ടമായിരുന്നു.**

ഫുൽ ഖറദാവി തുടങ്ങിയ പല പ്രമുഖ രുടെയും സന്ദേശം സമ്മേളനത്തിൽ വായിച്ചു. സമ്മേളനാനന്തരം വിവിധ നാടുകളിൽനിന്നു വന്ന മുസ്‌ലിം നേതാക്കൾ ദൽഹിയിൽ ഒരു അന്താരാഷ്ട്ര മുസ്‌ലിം കോൺഫറൻസ് ചേരുകയും ലോക മുസ്‌ലിംകളുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. പതിനേഴാം തീയതി വൈകിട്ട് നാലുമണിയോടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുരക്ഷിതരായി ആലുവയിൽ തിരിച്ചെത്തി.

## നിങ്ങൾ എത്ര ഭാഗ്യവാന്മാർ!

അടിയന്തരാവസ്ഥക്കു ശേഷം ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീറായിരുന്ന മൗലാനാ മുഹമ്മദ് യൂസുഫ് സാഹിബ് നടത്തിയ കേരളാ പര്യടനത്തിന്റെ ഭാഗമായി എറണാകുളം പുല്ലേപ്പടിയിലെ ദാറുൽ ഉലൂം ഗ്രൗണ്ടിൽ ഒരു സ്വീകരണ യോഗം സംഘടിപ്പിച്ചു. യോഗത്തിൽ ആശംസകളർപ്പിച്ച് സംസാരിക്കാൻ ഇബ്‌റാഹീം സുലൈമാൻ സേട്ട് സാഹിബും എത്തിയിരുന്നു. അദ്ദേഹം പ്രസംഗം ആരംഭിച്ചത് ഇങ്ങനെയാണ്: "നിങ്ങൾ എത്ര ഭാഗ്യവാന്മാരാണ്! മഹാഭാഗ്യം സിദ്ധിച്ചവർ. അടിയന്തരാവസ്ഥാഘട്ടത്തിൽ ഇസ്‌ലാമിനെയും ഇസ്‌ലാമിക പ്രസ്ഥാനത്തെയും പ്രതിനിധീകരിച്ച് ജയിൽവാസം ഏറ്റുവാങ്ങിയവരേക്കാൾ ഇക്കാലഘട്ടത്തിൽ ഭാഗ്യം സിദ്ധിച്ചവർ മറ്റാരാണുള്ളത്. പലപ്പോഴും നിങ്ങളുടെ പ്രവർത്തനങ്ങളിൽ ഞാൻ അസൂയപ്പെട്ടിട്ടുണ്ട്. അടിയന്തരാവസ്ഥാ ഘട്ടത്തിൽ നിങ്ങളോടൊപ്പം ജയിൽവാസം അനുഷ്ഠിക്കാൻ ഞാൻ പലതും ചെയ്തു നോക്കിയിരുന്നു. പക്ഷേ, അതെല്ലാം അവരുടെ നശിച്ച ഔദാര്യംകൊണ്ട് മാപ്പാക്കപ്പെടുകയാണുണ്ടായത്."

## ജിന്ന് ബീവി

പെരുമ്പാവൂർ ടൗൺ ജുമാമസ്ജിദിന് സമീപമുണ്ടായിരുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ ഓഫീസിൽ ഹൽഖാ യോഗം ചേർന്നുകൊണ്ടിരിക്കുമ്പോൾ കുറച്ച് ചെറുപ്പക്കാർ അങ്ങോട്ടു കടന്നു വന്ന് പറഞ്ഞു: "നിങ്ങളുടെ ജമാഅത്തൊന്നും ഇവിടെ വേണ്ട. ഉണ്ടായിട്ടും വലിയ കാര്യമൊന്നുമില്ലല്ലോ. അതിനാൽ ഇന്നുതന്നെ അവസാനിപ്പിക്കണം ഈ പരിപാടി." അവരുടെ ശബ്ദമുയർത്തിയുള്ള വാക്കുകൾ കേട്ട് ആദ്യം ഞങ്ങളൊന്ന് ഭയന്നു. ഏതായാലും അവർ പരിചയമുള്ള ആളുകളാണ്. തരകൻ എന്ന പേരിൽ സാധനങ്ങൾ കയറ്റുമതിയും ഇറക്കുമതിയുമെല്ലാം ചെയ്യുന്ന നാട്ടിലെ അറിയപ്പെട്ട പ്രമാണിമാർ. അതിനാൽ പ്രത്യേകിച്ചു കാരണമൊന്നുമില്ലാതെ അവരങ്ങനെ സംസാരിക്കുകയില്ലെന്ന് മസ്സിലാക്കി സൗമ്യമായ സ്വരത്തിൽ ഞങ്ങൾ ചോദിച്ചു: "അല്ല, നിങ്ങൾ അങ്ങനെയങ്ങ് പറഞ്ഞാലോ? കാര്യമെന്താണെന്ന് തെളിച്ചുപറ. നമുക്ക് വേണ്ട നടപടി സ്വീകരിക്കാം." അപ്പോൾ അതിലൊരുത്തൻ പറഞ്ഞു: "ഞങ്ങളുടെ വീടിന്റെ പരിസരത്ത് ഒരു ജിന്ന് ബീവി വന്നിട്ടുണ്ട്. അവർ പല അസാന്മാർഗിക പ്രവർത്തനങ്ങളും അവിടെ നടത്തുന്നുണ്ട്. അതിനാൽ അവർക്കെതിരെ നിങ്ങൾ ഒരു പ്രസംഗ പരമ്പര നടത്തണം. അതിന് തയാറല്ലെങ്കിൽ ഒരു ജമാഅത്തും ഇവിടെ വേണ്ട." ആലോചിച്ച് ഉടൻ ഉചിതമായ തീരുമാനം അറിയിക്കാമെന്ന് പറഞ്ഞ് അവരെ സമാധാനിപ്പിച്ച് പറഞ്ഞയച്ചു. അവർ പോയശേഷം ഞങ്ങൾ ആലോചിച്ച് ഒരു തീരുമാനത്തിലെത്തി. ജിന്ന് ബീവിയെ പ്രത്യക്ഷത്തിൽ എതിർക്കുന്ന രീതിയിൽ പരിപാടി സംഘടിപ്പിക്കേണ്ട. ആ പ്രദേശത്ത് ഒരു പ്രസംഗ പരമ്പര വെക്കാം. അതിന്റെ അവസാനത്തിൽ 'അന്ധവിശ്വാസങ്ങളും അനാചാരങ്ങളും' എന്ന വിഷയത്തിൽ ഒരു പ്രസംഗവും സംഘടിപ്പിക്കാം. ഞങ്ങളുടെ തീരുമാനം അവർക്കു സമ്മതമായി.

അടുത്ത ദിവസം തന്നെ അവർ പരിപാടിയുടെ നോട്ടീസ് അടിച്ചിറക്കി. സ്റ്റേജും കസേരയുമെല്ലാം സജ്ജീകരിച്ച് പരിപാടി തുടങ്ങി. പ്രസംഗപരമ്പരയുടെ ഉദ്ഘാടന ദിവസം മാള മുഹമ്മദ് മൗലവി 'പരലോകം' എന്ന വിഷയത്തിൽ പ്രസംഗിച്ചു. ഒന്നാം ദിവസംതന്നെ സദസ്സ് തിങ്ങിനിറഞ്ഞിരുന്നു. അടുത്ത ദിവസങ്ങളിൽ ഞാനും കെ. എൻ അബ്ദുല്ല മൗലവിയും പ്രസംഗിച്ചു. ഓരോ ദിവസവും ശ്രോതാക്കളുടെ എണ്ണം വർധിച്ചുകൊണ്ടിരുന്നു. അങ്ങനെ എല്ലാവരും പ്രതീക്ഷിച്ചിരുന്ന അവസാന ദിവസം 'അന്ധവിശ്വാസങ്ങളും അനാചാരങ്ങളും' എന്ന വിഷയത്തിൽ പ്രസംഗിക്കാനായി എത്തിയത് കെ.എ കാസിം മൗലവിയാണ് (മന്നം ഇസ്‌ലാമിയ്യാ കോളേജ് പ്രിൻസിപ്പൽ). അദ്ദേഹം അന്ന് സുബൈർ സാഹിബിനോടൊപ്പം പെരുമ്പാവൂർ ടൗണിൽ പലചരക്കുകട നടത്തുകയാണ്. തിങ്ങി നിറഞ്ഞ സദസ്സ് വളരെ ആകാംക്ഷയോടെയാണ് മൗലവിയുടെ പ്രസംഗം ശ്രവിച്ചത്. അദ്ദേഹം തൗഹീദിനെക്കുറിച്ചും അല്ലാഹുവിനോടുള്ള പ്രാർഥനയെക്കുറിച്ചും അനാചാരങ്ങളെക്കുറിച്ചുമെല്ലാം വളരെ വിശദമായി ഖുർആനിക ആയത്തുകളുടെ പിൻബലത്തിൽ സമർഥിച്ചു. രണ്ട് മണിക്കൂറോളം പ്രസംഗം നീണ്ടു. ഇത് കേട്ട് സഹികെട്ട യാഥാസ്ഥിതികർ പരിപാടി തീരുന്നതിനു മുമ്പുതന്നെ നോട്ടീസടിച്ചിറക്കി. 'മൗദൂദികൾക്ക് മറുപടി പറയുന്നു ഇതേ ഗ്രൗണ്ടിൽ' എന്നായിരുന്നു നോട്ടീസിന്റെ തലവാചകം.

യാഥാസ്ഥിതികർ പ്രകോപിതരാകാൻ മറ്റൊരു കാരണം കൂടിയുണ്ടായിരുന്നു. അന്ന് കാസിം മൗലവിയുടെ പരിപാടി നടക്കുന്ന ദിവസം ഞാനും മുച്ചേത്താൻ പരീക്ക(മാർക്സിസ്റ്റ് നക്സൽ നേതാവ്)യുമാണ് സ്റ്റേജിലുണ്ടായിരുന്നത്. മൗലവിയുടെ പ്രസംഗം കഴിഞ്ഞ ഉടനെ പരീക്ക എഴുന്നേറ്റുനിന്ന് മൈക്കു വാങ്ങിയിട്ട് പറഞ്ഞു: "എടാ മക്കളേ, ഈ മുസ്‌ലിയാരു പറഞ്ഞതൊക്കെയാണ് ശരി. നിങ്ങളുപോയി ആ ജിന്നുമ്മയുടെ വീടിന് തീകൊടുക്കണം." അപ്പോഴേക്കും കുട്ടികളെല്ലാം അല്ലാഹു അക്ബർ എന്ന് തക്ബീർ മുഴക്കി ആവേശത്തോടെ മുന്നോട്ടു വന്നു. അന്നേരം ഞാനുടനെ കസേരയിൽനിന്നെഴുന്നേറ്റ് ചെന്ന് വിറച്ചുകൊണ്ട് നിൽക്കുന്ന പരീക്കയെ പിടിച്ച് കസേരയിൽ ഇരുത്തി. മൈക്കു വാങ്ങിയിട്ടു പറഞ്ഞു: "പരീക്ക അപ്പോഴത്തെ വികാരം കൊണ്ട് പറഞ്ഞതാണ്. നിങ്ങൾ അങ്ങനെയല്ല അവരെ നേരിടേണ്ടത്. അവർ വിവരമില്ലാത്തതിനാലാണ് ഇങ്ങനെ ചെയ്യുന്നത്. അതിനാൽ നമുക്കു പോയി ആ ജിന്നുമ്മയെയും അവരുടെ ഭർത്താവിനെയും ഉപദേശിക്കാം. അതിനുശേഷം അവരെ ഇവിടെനിന്നും പറഞ്ഞയക്കുകയും ചെയ്യാം." ആ വാക്കുകൾ അവരെ തണുപ്പിച്ചു. പരിപാടി കഴിഞ്ഞ ഉടനെ ഞങ്ങൾ ജിന്നുമ്മ താമസിക്കുന്ന വീട്ടിലേക്കു ചെന്നു. കാര്യങ്ങൾ പന്തിയല്ലെന്ന് മനസ്സിലാക്കി നേരത്തെ അവർ സ്ഥലം വിട്ടിരുന്നു.

## മറുപടി പ്രസംഗങ്ങൾ

അടുത്ത ദിവസം അതേ ഗ്രൗണ്ടിൽ മറുപടി പ്രസംഗം നടന്നു. വാണിയമ്പലം അബ്ദുർറഹ്മാൻ മുസ്‌ലിയാർ, ഇ.കെ. അബൂബക്കർ മുസ്‌ലിയാർ, കുറ്റനാട് മുസ്‌ലിയാർ എന്നിവരാണ് മറുപടി പ്രസംഗത്തിനെത്തിയത്. പ്രസംഗപരമ്പരയുടെ ഒന്നാം ദിവസം ഗ്രൗണ്ടിന്റെ ഒരു ഭാഗത്ത് ഐ.പി.എച്ചിന്റെ ബുക്സ്റ്റാൾ ഇട്ടിരുന്നു. എന്നാൽ അവിടെ വിൽപ്പന നടത്താൻ അവർ സമ്മതിച്ചില്ല. ഉടനെ റോഡിന്റെ എതിർവശത്ത് സ്റ്റേജിന്റെ നേരെ മുമ്പിലായി ഞങ്ങൾ ബുക്സ്റ്റാളിട്ടു. ഐ.പി.



മന്നം ഇസ്‌ലാമിയാ കോളേജ് പഴയ കെട്ടിടം

**രണ്ട് മണിക്കൂറോളം പ്രസംഗം നീണ്ടു. ഇത് കേട്ട് സഹികെട്ട യാഥാസ്ഥിതികർ പരിപാടി തീരുന്നതിനു മുമ്പുതന്നെ നോട്ടീസടിച്ചിറക്കി. 'മൗദൂദികൾക്ക് മറുപടി പറയുന്നു ഇതേ ഗ്രൗണ്ടിൽ' എന്നായിരുന്നു നോട്ടീസിന്റെ തലവാചകം.**

എച്ചിന്റെ വലിയ ബോർഡും തൂക്കി. അവർക്ക് നമ്മുടെ ബുക്സ്റ്റാൾ കൈയേറണമെന്നുണ്ടായിരുന്നു. എന്നാൽ എം.എ മൂസക്കുട്ടിയുടെ വാപ്പ അബ്ദുർറഹ്മാൻ സാഹിബ് ബുക്സ്റ്റാളിൽ ഉണ്ടായിരുന്നതിനാൽ അവർ ആ സാഹസത്തിന് മുതിർന്നില്ല. ആ പ്രദേശത്ത് നല്ല സ്വാധീനമുള്ള ആളായിരുന്നു അബ്ദുർറഹ്മാൻ സാഹിബ്.

ഒരു ദിവസം പെരുമ്പാവൂരിലെ ആദ്യകാല പ്രവർത്തകനായിരുന്ന സുബൈർ സാഹിബ് ബുക്സ്റ്റാളിൽ ഇരിക്കുന്ന സമയത്ത് ഒന്ന് രണ്ട് മുസ്‌ലിയാക്കന്മാർ അദ്ദേഹത്തിന്റെ നേരെ വന്ന് ഷർട്ടിൽ കുത്തിപ്പിടിച്ച് പറഞ്ഞു: "ഇവനാണ് ഇത് ഇവിടെ കൊണ്ടുവന്നത്. ഇവനെ ആദ്യം തട്ടണം." ഇത് ദൂരെ നിന്ന് കണ്ട ഹസൈനാർ(ജമാഅത്തിന്റെ പ്രസംഗപരമ്പര സംഘടിപ്പിച്ച ചെറുപ്പക്കാരിൽ ഒരാൾ) അരയിൽ കെട്ടിയിരുന്ന പച്ച ബെൽട്ട് വലിച്ചൂരി അവരുടെ നേരെ ചെന്നു. അതിലൊരുവന്റെ കഴുത്തിൽ കുത്തിപിടിച്ചിട്ടു ''സുബൈറിനെ തൊട്ടാൽ നാളെ മുതൽ നിന്റെ ഈ തലപ്പാവും കാണില്ല; പന്തലും കാണില്ല. എല്ലാം ചുട്ടുകരിക്കും. മര്യാദക്കു പോയ്ക്കോ" എന്ന് പറഞ്ഞ് അവരെ ഓടിച്ചു.

മറുഭാഗത്ത് സ്റ്റേജിൽ ജമാഅത്തിനെ കാഫിറാക്കി മുദ്രകുത്തുകയാണ്. ജമാഅത്തുകാർക്ക് നിങ്ങളുടെ മക്കളെ വിവാഹം കഴിച്ചു കൊടുത്തിട്ടുണ്ടെങ്കിൽ അവരെ തിരിച്ചു വിളിച്ചുകൊണ്ട് പോരുക. കാരണം, അവർ കാഫിറായതിനാൽ നിക്കാഹ് സ്വഹീഹാവുകയില്ല. അതുകൊണ്ട് ത്വലാഖിന്റെയും പ്രശ്നമുദിക്കുന്നില്ല. ഇങ്ങനെ ജമാഅത്തുകാരെ കാഫിറാക്കി പ്രസംഗിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഇ.കെ അബൂബക്കർ മുസ്‌ലിയാരോട് ഒരാൾ എഴുന്നേറ്റ് ഒരു ചോദ്യം ചോദിച്ചു: "ഉസ്താദ് ഇവിടെ ബീമാപ്പള്ളിയിൽനിന്ന് ഒരു വടി കൊണ്ടുവന്നിട്ടുണ്ട്. ആ വടിക്ക് കറാമത്തുണ്ടെന്നു പറയുന്നു. ഇത് ശരിയാണോ?" ആ ചോദ്യം കേട്ട ഉടനെ അദ്ദേഹം ചോദ്യകർത്താവിനെയും ചോദ്യം ചോദിക്കാൻ അവസരം നൽകിയ സംഘാടകരെയും ശകാരിച്ചു. കാരണം, ചോദ്യം ചോദിച്ചുകൊണ്ടിരുന്നാൽ ജമാഅത്തിനെ കുറ്റം പറയാനുള്ള അവസരമാണല്ലോ പാഴാകുന്നത്. എന്നിരുന്നാലും അദ്ദേഹം മറുപടി പറഞ്ഞു: "ആ വടിക്ക് കറാമത്തുണ്ട്. കാരണം, മൂസാ നബിയുടെ വടിക്ക് കറാമത്തുണ്ടായിരുന്നു. ഇത് നിങ്ങൾ ബീമാപ്പള്ളിയിൽനിന്ന് കൊണ്ടുവന്നത് തന്നെയാണോ എന്നറിയണം. അല്ലെങ്കിൽ അത്തരം വടികൾക്കൊന്നും കറാമത്തുണ്ടാവുകയില്ല."

ഉടനെ തന്നെ സദസ്സിൽ നിന്ന് മറ്റൊരാൾ എഴുന്നേറ്റുനിന്ന് ചോദിച്ചു: സ്ത്രീകൾ പള്ളിയിൽ പോകുന്നത് ഹറാമാണെന്ന് ഇവിടെ പ്രസംഗിച്ചു. അതേ അവസരത്തിൽ ശാഫിഈ ഇമാമിന്റെ *നൂറുൽ അബ്സാർ*, *കിത്താബുൽ ഉമ്മ്* തുടങ്ങിയ കിത്താബുകളിലെല്ലാം ജമാഅത്തിൽ പങ്കെടുക്കുന്നതിന്റെ മര്യാദകൾ പറയുന്നിടത്ത് സ്ത്രീകളുടെ സ്ഥാനവും കുട്ടികളുടെ സ്ഥാനവുമെല്ലാം വിശദീകരിക്കുന്നുണ്ട്. അത് താങ്കൾ പറഞ്ഞതിനെതിരല്ലേ? ആ ചോദ്യം കേട്ട ഉടനെ അദ്ദേഹം സ്റ്റേജിലിരുന്ന കണ്ണന്തറ പള്ളിയിലെ മുസ്‌ലിയാരെ നോക്കിയിട്ട് ചോദിച്ചു: "അല്ല, അങ്ങനെയുണ്ടോ മുസ്‌ലിയാരേ?" ചോദ്യം കേട്ട് മുസ്‌ലിയാരും കുഴങ്ങി. എന്താണ് മറുപടി പറയുക. ഉണ്ടെന്ന് പറഞ്ഞാലും ഇല്ലെന്ന് പറഞ്ഞാലും പ്രശ്നമാണ്. ഏതായാലും 'അങ്ങനെയുണ്ടോ എന്ന് കിത്താബെടുത്ത് നോക്കണം' എന്ന് മുസ്‌ലിയാരോട് പറഞ്ഞ ശേഷം ചോദ്യകർത്താവിന്റെ നേരെ നോക്കിയിട്ട് അദ്ദേഹം പറഞ്ഞു: "അഥവാ കിത്താബിൽ അങ്ങനെ ഉണ്ടെങ്കിൽത്തന്നെ അത് വീട്ടിൽ നമസ്കരിക്കുന്നതിനെക്കുറിച്ചാണ്." മൗലവിയുടെ മറുപടി കേട്ട് ഐ.പി.എച്ച് ബുക്സ്റ്റാളിന്റെ അടുത്തു നിന്നിരുന്ന ദർസ് വിദ്യാർഥികൾ പരസ്പരം പറഞ്ഞു: 'ഉസ്താദ് ആ പറഞ്ഞത് വളരെ മോശമായിപ്പോയി.' ■

(തുടരും)

rashadaluva@gmail.com